**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 375** **27-06-2022 - ൽ മറുപടിയ്ക്ക്**

**ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. എം.വിജിൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മദ്യവർജനം യാഥാർത്ഥ്യമാക്കുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നിന്റെയും, പുകയില ഉൽപ്പന്നങ്ങളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിച്ചും ലഹരിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി രൂപം നൽകിയിട്ടുള്ള ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ കീഴിൽ വിവിധ വകുപ്പുകളെയും, സംഘടനകളെയും ഏകോപിപ്പിച്ച് കൊണ്ട് ഫലപ്രദമായ രീതിയിൽ ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. |
| (ബി) | സ്കൂൾ കോളേജ് തലങ്ങളിൽ വർദ്ധിച്ചുവരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം ഇല്ലാതാക്കുവാനും ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെയുള്ള പ്രചരണം ശക്തിപ്പെടുത്തുവാനുമായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | സ്കൂൾ കോളേജ് തലങ്ങളിൽ വർദ്ധിച്ചുവരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം ഇല്ലാതാക്കുന്നതിനായി ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. ഈ ക്ലബ്ബുകൾ മുഖാന്തിരം വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ട് ബോധവൽക്കരണ ക്ലാസുകളും മറ്റ് കലാകായിക പരിപാടികളും സംഘടിപ്പിച്ചു വരുന്നു. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനായി കോളേജ് ക്യാമ്പസുകളിൽ "നേർക്കൂട്ടം" എന്ന പേരിലും, കോളേജ് ഹോസ്റ്റലുകളിൽ "ശ്രദ്ധ" എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വിദ്യാലയങ്ങളിൽ ക്രിയാത്മക ഇടപെടലുകൾ നടത്തി സ്കൂൾ വിദ്യാർത്ഥികളിൽ വർധിച്ചു വരുന്ന ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിനായി, തിരുവനന്തപുരം ജില്ലയിലെ 4 സ്കൂളുകളിൽ പൈലറ്റ് പ്രൊജക്റ്റ് എന്ന രീതിയിൽ നടപ്പിലാക്കിയിട്ടുള്ള, 'ഉണർവ്' എന്ന പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്കൂളുകളിൽ നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. |
| (സി) | വാർഡ് തല ജാഗ്രതാകമ്മിറ്റികൾ ശക്തിപ്പെടുത്തി ജനപങ്കാളിത്തത്തോടെയുള്ള ലഹരിവിരുദ്ധ | (സി) | ലഹരിക്കെതിരെ സാമൂഹിക പ്രതിരോധം തീർക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ |

| | | | |
|---|---|---|---|
| | പ്രവർത്തനം, ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽനിന്നും മോചിതരായവർക്ക് പുനഃരധിവാസ കേന്ദ്രങ്ങൾ എന്നിവ ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | | സ്ഥാപനതലത്തിൽ വിമുക്തി വാർഡ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വിമുക്തി വാർഡ് തല കമ്മിറ്റികൾ വഴി ബോധവൽക്കരണ പ്രവർത്തനങ്ങളും, ലഹരിക്കടിമപ്പെട്ടവരെ കണ്ടെത്തി ചികിത്സ/ കൗൺസിലിംഗ് നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്നും മോചിതരായവരെ പുനരധിവസിപ്പിക്കുന്നതിനായി മേഖലാ അടിസ്ഥാനത്തിൽ പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ